**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3481** **26-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഭൂമി തരം മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; അതിൽ തീർപ്പാക്കിയ അപേക്ഷകൾ എത്രയാണ്; വില്ലേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഭൂമി തരം മാറ്റുന്നതിന് ലഭിച്ച അപേക്ഷകളുടെയും അതിൽ തീർപ്പാക്കിയ അപേക്ഷകളുടെയും വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പരിഹാര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, റിപ്പോർട്ടുകൾ/ രേഖകൾ, പൂർണ്ണമായും ലഭ്യമായിട്ടുള്ള അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന്, അവലോകന യോഗം കൂടി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചും ഫയൽ തീർപ്പാക്കലിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം, കുടിശ്ശിക അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ ആർ.ഡി.ഒ മാർക്ക് നിർണ്ണയിച്ചിട്ടുള്ള അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകി നിയോഗിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07.06.2024-ന് നിലവിൽ വന്നിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ ആർ.ഡി.ഒ മാർ നിലവിൽ നിർവ്വഹിച്ചു വരുന്ന ചുമതലകൾ ഡെപ്യൂട്ടി കളക്ടർമാർക്ക് കൂടി നൽകിക്കൊണ്ട് തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കിക്കൊണ്ട് പരാതികൾ ഒഴിവാക്കുന്നതിന് കഴിയുന്നതാണ്. എറണാകുളം ജില്ലയിൽ 2 ആർ.ഡി.ഒ/സബ് കളക്ടർമാർ നിർവ്വഹിച്ചിരുന്ന ഈ ചുമതലകൾ ജൂലൈ 1 മുതൽ 6 കേന്ദ്രങ്ങളിലേക്ക് മാറും. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | വില്ലേജ് | ആകെ ലഭിച്ച അപേക്ഷകൾ | തീർപ്പാക്കിയ അപേക്ഷകൾ |
|---|---|---|---|
| 1 | കിഴക്കമ്പലം | 722 | 307 |
| 2 | പട്ടിമറ്റം | 489 | 188 |
| 3 | ഐക്കരനാട് സൗത്ത് | 831 | 436 |
| 4 | തിരുവാണിയൂർ | 700 | 255 |
| 5 | വടവുകോട് | 55 | 32 |
| 6 | പുത്തൻ കുരിശ് | 632 | 352 |
| 7 | ഐക്കനാട് നോർത്ത് | 431 | 202 |
| 8 | കുന്നത്തുനാട് | 700 | 350 |
| 9 | മഴുവന്നൂർ | 546 | 180 |
| 10 | ഐരാപുരം | 427 | 145 |
| | **ആകെ** | **5533** | **2447** |